പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3403

25-06-2012 -ൽ മറുപടിക്ക്.

## ഭവനനിർമ്മാണ ബോർഡിന്റെ കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എം.എ. വാഹിദ്:<br>ശ്രീ. ലൂഡി ലൂയിസ്. | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ഭവനനിർമ്മാണ ബോർഡിന്റെ കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) യും (ബി) യും | കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 30-9-2012 വരെ ദീർഘിപ്പിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) മുഖേനയും റവന്യൂ റിക്കവറി മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നുവരെ ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |
| (സി) | ഇതുമൂലം എന്തെല്ലാം ഇളവുകളാണ് കുടിശ്ശികക്കാർക്ക് ലഭിക്കുന്നത്? | (സി) | ടി പദ്ധതി പ്രകാരം തിരിച്ചടവ് കാലാവധി കഴിഞ്ഞ താഴ്ന്ന വരുമാന വിഭാഗം വായ്പക്കാർക്ക് പിഴപ്പലിശയിൽ 100% വും മുടക്കപ്പലിശയിൽ 100% ഇളവ് അനുവദിച്ചുവരുന്നു. തിരിച്ചടവ് കാലാവധി കഴിയാത്ത മറ്റ് താഴ്ന്ന വരുമാന വിഭാഗ വായ്പക്കാർക്ക് പിഴപ്പലിശയിൽ 100%വും മുടക്കപ്പലിശയിൽ 70% ഇളവ് അനുവദിച്ചുവരുന്നു. എം.ഐ.ജി. വിഭാഗക്കാർക്ക് പിഴപ്പലിശയിൽ 100% ഉം മുടക്കപ്പലിശയിൽ 70 % ഉം ഇളവ് അനുവദിക്കുന്നു. എച്ച്.ഐ.ജി. |

വിഭാഗക്കാർക്ക് പിഴപ്പലിശയിൽ 100% ഉം മുടക്കപ്പലിശയിൽ 50% ഉം ഇളവ് അനുവദിച്ചുവരുന്നു. കൂടാതെ കൃത്യമായി തിരിച്ചടവ് നടത്തുന്ന വായ്പാ വിഭാഗം വായ്പക്കാർക്ക് പലിശ നിരക്കിൽ 0.5% ഇളവ് നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം കാലാവധിയ്ക്കു മുമ്പ് 'അക്കൗണ്ട് ക്ലോസ് ' ചെയ്യുന്നവർക്ക് ശേഷിക്കുന്ന മുതലിന് 5% ഇളവും അനുവദിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടികളിലിരിക്കുന്ന കേസുകളിലും OTS ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.